പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2615 — 09.07.2015 -ൽ മറുപടിക്ക്.

## തിരുവനന്തപുരം നഗരത്തിലെ ഗ്യാസ് വിതരണത്തിലെ കൃത്രിമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എളമരം കരീം** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം നഗരത്തിലെ ഗ്യാസ് ഏജൻസികൾ ഗ്യാസ് വിതരണത്തിൽ വൻതോതിൽ കൃത്രിമം കാണിയ്ക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ; | (എ) ഗ്യാസ് ഏജൻസികളുടെ പ്രവർത്തനം മൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ജില്ലാ തലത്തിലും എണ്ണക്കമ്പനികളുമായി ബന്ധപ്പെട്ടും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) എത്ര ഗ്യാസ് ഏജൻസികൾ തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിച്ചുവരുന്നു; ഓരോ ഏജൻസിക്കും എത്ര കൺസ്യൂമേഴ്സ് ഉണ്ട് ; | (ബി) 26 ഗ്യാസ് ഏജൻസികൾ പ്രവർത്തിച്ചു വരുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഓരോ ഏജൻസിക്കും ഉള്ള ഉപഭോക്താക്കളുടെ വിവരം എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു. |
| (സി) സ്ഥിരമായി സിറ്റിയിൽ താമസിക്കാത്തതും എന്നാൽ കൺസ്യൂമറായി തുടരുന്നവരുമായിട്ടുള്ളവരുടെ പേരിൽ ഗ്യാസ് ഏജൻസികൾ തന്നെ ഗ്യാസ് ബുക്ക് ചെയ്യുന്നതും അത് കരിഞ്ചന്തയിൽ മറിച്ച് വിൽക്കുന്നതുമായ സ്ഥിതി വിശേഷം അന്വേഷണ വിധേയമാക്കാമോ; | (സി) എൽപിജി കണക്ഷൻ പേരിലുള്ള കൺസ്യൂമർ താല്ക്കാലികമായി നഗരം വിട്ടു പോകുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അതേ കണക്ഷൻ ഉപയോഗിക്കാറുണ്ട്. ആയതിനാൽ എൽപിജി കണക്ഷന്റെ യഥാർത്ഥ ഉപഭോക്താവിനെ കണ്ടെത്തുന്നത് പ്രായോഗികമല്ല എന്നും എന്നാൽ **ഡി.ബി.റ്റി.എൽ പദ്ധതി** നടപ്പിലായതോടെ എൽപിജിയുടെ കരിഞ്ചന്ത ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും ഇത്തരത്തിൽ എണ്ണക്കമ്പനി അധികൃതരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരും |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്താറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഗ്യാസ് വിതരണത്തിൽ ഏജൻസികൾ ക്രമരഹിതമായി പ്രവർത്തിക്കുന്നതിനെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും സംവിധാനം ഉണ്ടോ; ഏതെല്ലാം ഏജൻസികളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളിന്മേൽ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ട് ? | (ഡി) | ഉണ്ട്. ജില്ലാ കളക്ടർക്ക് ഇതിനുള്ള അധികാരം ഉണ്ട്. 2000 ലെ എൽപിജി (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ അനുസരിച്ച് സംസ്ഥാന ഭക്ഷ്യ പൊതു വിതരണ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഗ്യാസ് ഏജൻസികൾ പരിശോധിക്കാനുള്ള അധികാരമുണ്ട്. കൂടാതെ എണ്ണക്കമ്പനി ഉദ്യോഗസ്ഥർ സ്ഥിരമായി ഏജൻസികളിൽ പരിശോധന നടത്താറുണ്ടെന്നും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തുന്ന ഏജൻസികൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് പ്രകാരം നടപടികൾ എടുക്കാറുണ്ട് എന്നും 2014-15 കാലയളവിൽ തിരുവനന്തപുരം പൂജപ്പുരയിലുള്ള അരവിന്ദ് ഗ്യാസ് ഏജൻസിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

### തിരുവനന്തപുരം നഗരത്തിലെ ഗ്യാസ് ഏജൻസികൾ

| ക്രമ നം. | ഏജൻസിയുടെ പേര് | കമ്പനി | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | അഡ്ഹോക്-ഉഹൻ ഗ്യാസ് സർവ്വീസ് | ഐ.ഒ.സി.എൽ | 27,451 |
| 2 | അനന്തപുരി ഇൻഡേൻ സർവ്വീസസ് | ഐ.ഒ.സി.എൽ | 11,412 |
| 3 | അരവിന്ദ് ഗ്യാസ് | ഐ.ഒ.സി.എൽ | 17,518 |
| 4 | അശോക ഗ്യാസ് | ഐ.ഒ.സി.എൽ | 19,926 |
| 5 | ബി.പി.ഏജൻസീസ് (തിരുവനന്തപുരം) | ഐ.ഒ.സി.എൽ | 13,572 |
| 6 | ക്യാപിറ്റൽ ഗ്യാസ് (കെഇആർ) | ഐ.ഒ.സി.എൽ | 20,395 |
| 7 | ഉഹൻ ഗ്യാസ് സർവ്വീസ് (കേരള) | ഐ.ഒ.സി.എൽ | 23,514 |
| 8 | കെ.ആർ.ഏജൻസീസ് | ഐ.ഒ.സി.എൽ | 18,760 |
| 9 | അഡ്ഹോക്-കെ.ആർ.ഏജൻസീസ് | ഐ.ഒ.സി.എൽ | 7,689 |
| 10 | പുഷ്പഗിരി ഏജൻസീസ് | ഐ.ഒ.സി.എൽ | 18,190 |
| 11 | ശാസ്ത്രി ഗ്യാസ് (തിരുവനന്തപുരം) | ഐ.ഒ.സി.എൽ | 11,031 |
| 12 | ഷെല്ലി ഗ്യാസ് ഏജൻസീസ് | ഐ.ഒ.സി.എൽ | 18,963 |
| 13 | സൈൻചാ ഗ്യാസ് സർവ്വീസ് | ഐ.ഒ.സി.എൽ | 2,167 |
| 14 | വായുസേനാ ഇൻഡേൻ | ഐ.ഒ.സി.എൽ | 879 |
| 15 | രത്നകലാ ഗ്യാസ് ഏജൻസി | എച്ച്.പി.സി.എൽ | 10,905 |
| 16 | ഡിവൈൻ ഗ്യാസ് സർവ്വീസ് | എച്ച്.പി.സി.എൽ | 14,207 |
| 17 | കാവ്യ ഗ്യാസ് സർവ്വീസ് | എച്ച്.പി.സി.എൽ | 14,882 |
| 18 | രജനി ഗ്യാസ് സർവ്വീസ് | എച്ച്.പി.സി.എൽ | 12,660 |
| 19 | സൂപ്പർ ഗ്യാസ് സർവ്വീസ് | എച്ച്.പി.സി.എൽ | 13,637 |
| 20 | എം.പി.ഗ്യാസ് ഏജൻസീസ് | ബി.പി.സി.എൽ | 53,853 |
| 21 | വീനസ് ഗ്യാസ് | ബി.പി.സി.എൽ | 23,597 |
| 22 | സന്ധ്യാ ഗ്യാസ് സർവ്വീസ് | ബി.പി.സി.എൽ | 22,011 |
| 23 | റോയൽ ഭാരത് ഗ്യാസ് | ബി.പി.സി.എൽ | 3,849 |
| 24 | ശ്രീലക്ഷ്മി ഗ്യാസ് ഏജൻസീസ് | ബി.പി.സി.എൽ | 19,325 |
| 25 | തിരുവനന്തപുരം എആർ പോലീസ് ക്യാമ്പ് | ബി.പി.സി.എൽ | 4,429 |
| 26 | അന്നക്കുട്ടി ഭാരത് ഗ്യാസ് | ബി.പി.സി.എൽ | 342 |

Mini.D

സെക്ഷൻ ഓഫീസർ